റെയിൽവേയെ സംബന്ധിച്ചുള്ളതാണ്. മെമ്പർമാർ പ്രസംഗം ചുരുക്കിയാൽ ആ പ്രമേയവും അംഗീകരിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല മെമ്പർമാർ സഭയിൽ സമയക്ലിപ്തം പാലിക്കുകയാണെങ്കിൽ ഈ വെള്ളിയാഴ്ച ഒരു ഫലപ്രദമായ വെള്ളിയാഴ്ചയായി ഈ നിയമസഭാ സമ്മേളനത്തിൽ മാറുമെന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

(2) കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

ഡോ. കെ.സി. ജോസഫ് : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച മുഴുവൻ പഞ്ചായത്തുകളിലെയും കൃഷിക്കാരുടെ ഹ്രസ്വകാല വായ്പകൾ എഴുതിത്തള്ളണമെന്നും മദ്ധ്യകാല-ദീർഘകാല കാർഷിക വായ്പകളുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളണമെന്നും, മദ്ധ്യകാല വായ്പകൾ ദീർഘകാല വായ്പകളായി മാറ്റണമെന്നും, കൃഷി ചെയ്യുന്നതിന് പുതിയ കാർഷിക വായ്പ അനുവദിക്കണമെന്നും, വിശാല കുട്ടനാട് മേഖലയിലെ നെൽകൃഷി ഉപ്പുവെള്ളം കയറി നശിക്കാതിരിക്കത്തക്കവിധം തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ, ലോക്ക്, തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ, തൃക്കുന്നപ്പുഴ, ചീപ്പ് എന്നിവ നന്നാക്കി ഈ വർഷം തന്നെ പുന:സ്ഥാപിക്കുന്നതിനും, കൃഷിമേഖലയിലേയ്ക്ക് ഉപ്പുവെള്ളം കയറുന്ന തോടുകളിൽ ഈ വർഷം താൽക്കാലിക ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിനും ഭാവിയിൽ ഉപ്പുവെള്ളം കയറാതിരിക്കത്തക്കവിധം സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ. കെ.പി. രാജേന്ദ്രൻ : പ്രമേയത്തെ പിൻതാങ്ങുന്നു.

ഡോ: കെ. സി. ജോസഫ്: സർ, പാർലമെന്ററി കാര്യവകുപ്പുമന്ത്രി മന്ത്രിസഭാ സബ് കമ്മിറ്റി കേന്ദ്ര ഗവൺമെന്റുമായി ചർച്ചചെയ്ത് തിരിച്ചുവന്നശേഷമേ ഫലപ്രദമായി മറുപടി പറയുവാൻ കഴിയൂ എന്നുപറഞ്ഞ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു. ഇപ്പോൾ സംസാരിക്കുന്നില്ല. അടുത്ത ദിവസം അവസരം തന്നാൽമതി.

(3) ഹൈക്കോടതി ബഞ്ച്

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ശ്രീ. ബിനോയ് വിശ്വം അധികാരപ്പെടുത്തിയതനുസരിച്ച് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

"തിരുവനന്തപുരം കേന്ദ്രമാക്കി ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ഹൈക്കോടതി ബഞ്ച് പ്രവർത്തിച്ചിരുന്നു. എന്നാൽ കാലക്രമേണ ഈ ബഞ്ചിന് ഫയലിംഗ് അധികാരം നഷ്ടപ്പെടുകയുണ്ടായി. ഈ അധികാര നഷ്ടപ്പെടൽമൂലം ഗവൺമെന്റിനും മറ്റുമായി സാമ്പത്തികമുൾപ്പെടെ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കേന്ദ്രമായി ഉണ്ടായിരുന്ന ഹൈക്കോടതി ബഞ്ച് ഫയലിംഗ് അധികാരത്തോടുകൂടി പുനരുജ്ജീവിപ്പിച്ച് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിക്കുന്നു."

LIBRARY ARCHIVES Kerala Legislative Assembly